LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-12-2014-ലെ കണക്ക് (എം.ഐ.എസ്സ്. റിപ്പോർട്ട്) പ്രകാരം, 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 24922570 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നടപ്പ് വർഷം, 8-12-2014-ലെ കണക്ക് പ്രകാരം, തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ, തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ, ശരാശരി തൊഴിൽ ദിനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തൊഴിലിനായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ	-	2970229
തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ	-	1096881
ഒരു കുടുംബത്തിന് ശരാശരി ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ	-	22.72

തൊഴിലുറപ്പ് പദ്ധതി -സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ

27 (3310) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14 വർഷത്തിൽ ഓരോ ജില്ലയിലും എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് വിശദമാക്കാമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

28 (3311) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രമവികസനവും ആസൂത്രണവും സാസംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര റോഡുകളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര് അടങ്കൽ തുക, പ്രവൃത്തി പുരോഗതി എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പി.എം.ജി.എസ്.വൈ. പ്രകാരം 15 റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്തു. അവയിൽ 6 പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

പയ്യന്നൂർ വെള്ളൂർ എൻ.എച്ച്.-കൊളേക്കര-ചേനോക്ക് റോഡ് നിർമ്മാണം

29 (3312) ശ്രീ. സി. കൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ എൻ. എച്ച്. കൊളേക്കര-ചേനോക്ക് റോഡ് അഭിവൃത്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവർത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2013-14 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ എൻ.എച്ച്.-കൊളേക്കര-ചേനോക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, CPWD നിരക്കിൽ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly